**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **30-08-2022 - ൽ മറുപടിയ്ക്ക്**

**വാതക പൈപ്പ് ലൈൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഗതാഗത പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയ്ക്കായി സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ വെട്ടിപൊളിച്ചതുമൂലം വാഹന, കാൽനട യാത്രക്കാർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ഇടങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വാതക പൈപ്പ് ലൈൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകുമോ; | (ബി) | ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മലപ്പുറം നിയോജക മണ്ഡലത്തിലെ ചെളൂർ-ചാപ്പനങ്ങാടി റോഡിൽ വാതക പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലമുണ്ടായ അപകടമരണവും ഗതാഗത തടസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനിയുടെ വാതക പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ റോഡിലുണ്ടാകുന്ന ഗതാഗത തടസ്സങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർമ്മിച്ച കുഴികൾ GSB, WMM എന്നിവ ഉപയോഗിച്ച് സ്പെസിഫിക്കേഷൻ പ്രകാരം നികത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കുഴികൾ മൂലം പൊതുജനങ്ങൾ, വാഹനങ്ങൾ എന്നിവക്ക് അപകടം സംഭവിക്കാതിരിക്കാൻ അവക്ക് ചുറ്റും സുരക്ഷാ മുൻകരുതൽ ക്രമീകരണങ്ങളും ഉറപ്പ വരുത്തിയിട്ടുണ്ട്. |
| (ഡി) | എത്രയും വേഗം പൈപ്പ് ലൈനിന്റെ പണികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകി ബി.എം.ബി.സി. നിലവാരത്തിൽ റോഡിന്റെ പണികൾ ആരംഭിക്കുമോ? | (ഡി) | ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനിയുടെ വാതക പൈപ്പ് ലൈൻ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയാലുടൻ ബി.എം & ബി.സി പ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ